(ഡി) പദ്ധതി നടത്തിപ്പിന് എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്?

ഉത്തരം

(എ) ഒറ്റപ്പാലം ഫിലിം സിറ്റി പദ്ധതിക്ക് 2011-12 ബഡ്ജറ്റിൽ 50 ലക്ഷം രൂപയും, 2012-13 ബഡ്ജറ്റിൽ ഒരു കോടി രൂപയും വകയിരുത്തിയിരുന്നു. ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പ്രഖ്യാപിച്ച സമയത്ത് തുക ചെലവഴിക്കുന്നതിന് സാധിച്ചില്ല.

(ബി) ഇല്ല. ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 3 ഏക്കർ 3 സെന്റ് ഭൂമി 4-7-2014-ലെ ഉത്തരവ് നമ്പർ ജി.ഒ.(എംഎസ്.) 289/2014/റവ. പ്രകാരം കെ.എസ്.എഫ്.ഡി.സി.-ക്ക് അനുവദിച്ചു. പ്രസ്തുത ഭൂമി കെ.എസ്.എഫ്.ഡി.സി.-യുടെ പേരിൽ ലഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതേയുള്ളൂ. പ്രസ്തുത പ്രോജക്ടിന് എം.എൽ.എ. ഫണ്ടിൽ നിന്നും 5 കോടി രൂപ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഫിലിം സിറ്റിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ നടന്നുവരുന്നു. പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) 3 ഏക്കർ 3 സെന്റ് ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്.

മൂന്നാറിൽ ഫിലിം ആർക്കൈവ്സ്

219 (4554) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ ഫിലിം ആർക്കൈവ്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ;

(സി) ഫിലിം ആർക്കൈവ്സ് പൂർത്തിയാക്കാൻ എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിരുന്നത് ; ഇപ്പോൾ എത്ര തുക ചെലവായെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മൂന്നാറിൽ ഫിലിം ആർക്കൈവ്സ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

(ബി &സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly